**പൊതുവിദ്യാഭ്യാസവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**ഹയർസെക്കൻഡറി വിഭാഗം**

**ജഗതി, തിരുവനന്തപുരം- 14**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് – ഹയർ സെക്കൻഡറി വിഭാഗം - ജീവനക്കാര്യം – ശ്രീ.മുഹമ്മദ് ആലി - എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം – ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM) 547/2025 **നമ്പർ** കേസിന്മേലുള്ള 10/04/2025 ലെ ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു.

---

**ഉത്തരവ് നമ്പർ. HSE/1638/2025-Ad B5 തീയതി :06-05-2025**

---

പരാമർശം : 1. 28/03/2025 ൽ പ്രസിദ്ധീകരിച്ച എച്ച്.എസ്.എസ്.റ്റി (ജൂനിയർ) അധ്യാപകരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ്

2. A (EKM) 574/2025 ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 10/04/2024 ലെ വിധിന്യായം

**ഉത്തരവ്**

പൊതുവിദ്യാഭ്യാസ വകുപ്പ്, ഹയർ സെക്കൻഡറി വിഭാഗം മലപ്പുറം ജില്ലയിലെ കോട്ടക്കൽ ഗവ. എച്ച്.എസ്.എസ്. ലെ എച്ച്.എസ്.എസ്.റ്റി മലയാളം അധ്യാപകനും നിലവിൽ മലപ്പുറം എസ്.എസ്.കെ യിൽ ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്ററായി സേവനം ചെയ്തു വരുന്ന ശ്രീ.മുഹമ്മദ് ആലി 01/01/2025 സീനിയോരിറ്റി അടിസ്ഥാനമാക്കി പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം അധ്യാപകരുടെ അന്തിമലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ടി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ OA (EKM)574/2025 നമ്പർ കേസ്

ഫയൽ ചെയ്തിരുന്നു. ആയതിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) ഉത്തരവ് പ്രകാരം ടി അധ്യാപകന്റെ അപേക്ഷ പരിഗണിച്ച് ടിയാനെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താൻ ഉത്തരവായിരിക്കുന്നു.

മേൽസാഹചര്യത്തിൽ പരാമർശം 1 പ്രകാരം 01/01/2025 അടിസ്ഥാനമാക്കി പ്രസിദ്ധീകരിച്ച എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം അധ്യാപകരുടെ സീനിയോരിറ്റി ലിസ്റ്റിൽ ക്രമനമ്പർ 14 ആയ ശ്രീ അജയൻ എസ് നും ക്രമനമ്പർ 15 ആയ ശ്രീമതി ബിന്ദു കെ യ്ക്കും ഇടയിൽ ക്രമനമ്പർ 14 (a) ആയി ശ്രീ.മുഹമ്മദ് ആലി യെ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

Signed by
Shanavas S
Date: 05-06-2025 10:05:56
പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:

1. ബന്ധപ്പെട്ട വ്യക്തിക്ക്
2. ബന്ധപ്പെട്ട പ്രിൻസിപ്പൽ,
3. കരുതൽ ഫയൽ/അധികം